**"ഭരണഭാഷ- മാതൃഭാഷ"**

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 651/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1672/2026/LSGD തീയതി,തിരുവനന്തപുരം, 05-09-2026

---

പരാമർശം:- ജി.ഒ(ആർ.ടി) നം. 210/2026/എൽ.എസ്.ജി.ഡി തീയതി, 27/01/2026

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവെ നം. 2500, 2500/2, 2501/1-2 എന്നിവയിൽ ഉൾപ്പെട്ട 0.45 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 651/2008 നമ്പർ കേസിലെ ബാലൻസ് വിധക്കടത്തുകയായ 886/- രൂപ (എണ്ണൂറ്റി എൺപത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. കൃഷ്ണകുമാർ എ. (റ്റി.സി.38/2798, ചാല, തിരുവനന്തപുരം), ശ്രീമതി അറുമുഖം അമ്മാൾ (റ്റി.സി.38/2798, ചാല, തിരുവനന്തപുരം) എന്നിവർക്ക് '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ, പ്രസ്തുത തുക 2025-26 സാമ്പത്തികവർഷം ചെലവഴിക്കാൻ കഴിയാത്തതിനാൽ, ടി എൽ.എ.ആർ 651/2008 നമ്പർ കേസിൽ വിധിക്കടത്തുകയായി **1006/- രൂപ (ആയിത്തി ആറ് രൂപ)** 2026-27 വർഷത്തെ '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RADHA P M

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (15.05.2026-ലെ WCD-3/172/2025-FIN പ്രകാരം)

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/416/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 05-09-2026
18:07:50

സെക്ഷൻ ഓഫീസർ